# കേരള സർക്കാർ

അക്കൗണ്ട്സ് ബി 2/412/2016/ധന

**ധനകാര്യ (അക്കൗണ്ട്സ്-ബി) വകുപ്പ്,**
ഫോൺ : 0471 -2518112, 2518132,
തിരുവനന്തപുരം,
തീയതി: 15.05.2017.

## ലേല / ക്വട്ടേഷൻ നോട്ടീസ്

ധനകാര്യ വകുപ്പ് വക 1997 മോഡൽ അംബാസിഡർ കാർ (നമ്പർ. KL-01-K-8915), രണ്ട് മാരുതി എസ്റ്റീം 2004 മോഡൽ കാറുകൾ (KL-01-AF-4681 & KL-01-AG-1801) എന്നീ വാഹനങ്ങൾ സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പ് ഓഫീസ് പരിസരത്തു വച്ച് **15/06/2017 - ൽ 3** മണിയ്ക്ക് പരസ്യമായി ലേലം/ക്വട്ടേഷൻ വഴി വിൽപ്പന നടത്തുന്നതാണ്.

| വാഹനം | നിരതദ്രവ്യം |
|---|---|
| KL-01-K-8915 | 450/- |
| KL-01-AF-4681 | 625/- |
| KL-01-AG-1801 | 550/- |

ലേലത്തിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് ഓഫീസ് പ്രവൃത്തി ദിനങ്ങളിൽ വൈകുന്നേരം 3 മുതൽ 5 മണി വരെ വാഹനങ്ങൾ പരിശോധിക്കുവാൻ അവസരമുണ്ടായിരിക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് ലേലസ്ഥലത്ത് ഹാജരായി അതാത് വാഹനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യം അടയ്ക്കുന്ന സമയത്ത് അവരുടെ ഐഡന്റിറ്റി വെളിപ്പെടുത്താനുതകുന്ന രേഖ (ആധാർ കാർഡ് / വോട്ടേഴ്സ് ഐഡന്റിറ്റി കാർഡ് / ഡ്രൈവിംഗ് ലൈസൻസിന്റെ കോപ്പി ) നിർബന്ധമായും ഹാജരാക്കേണ്ടതാണ്. വാഹനം ക്വട്ടേഷൻ വഴി വാങ്ങാൻ ആഗ്രഹിക്കുന്നവർ സീൽ ചെയ്ത ക്വട്ടേഷനുകൾ, (ഓരോ വാഹനത്തിനും പ്രത്യേകം പ്രത്യേകം), അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം), ധനകാര്യ വകുപ്പ്, തിരുവനന്തപുരം എന്ന വിലാസത്തിൽ **14/06/2017- ൽ 3** മണിക്കകം ധനകാര്യ(അക്കൗണ്ട്സ്-ബി) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്. ഡിമാന്റ് ഡ്രാഫ്റ്റ്,

തിരിച്ചറിയൽ രേഖകളുടെ പകർപ്പ് ഇവ അടക്കം ചെയ്യാത്ത ക്വട്ടേഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകളും പരിഗണിക്കുന്നതല്ല. ലേലം വിളി അവസാനിച്ചാലുടൻ ക്വട്ടേഷൻ തുറക്കുന്നതും, ലേലത്തിലോ, ക്വട്ടേഷനിലോ ഏതിലാണോ കൂടുതൽ തുക വരുന്നത് ആ വ്യക്തിക്ക് ലേലം/ക്വട്ടേഷൻ താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. പ്രസ്തുത വ്യക്തി ലേലം/ക്വട്ടേഷൻ തുകയുടെ നാലിലൊരു ഭാഗം (നിരതദ്രവ്യം ഉൾപ്പെടെ) ലേലസ്ഥലത്തു വച്ച് അടയ്ക്കേണ്ടതും, ബാക്കി തുക മൂന്ന് ദിവസത്തിനകം അടച്ച് അതാത് വാഹനങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്. ക്വട്ടേഷൻ നൽകുന്ന വ്യക്തികൾ ലേലദിവസം നേരിട്ട് ഹാജരാകുന്നില്ലെങ്കിൽ നിരതദ്രവ്യം ഉൾപ്പെടെ ക്വട്ടേഷൻ തുകയുടെ നാലിലൊന്ന് ഡിമാന്റ് ഡ്രാഫ്റ്റായി ക്വട്ടേഷനോടൊപ്പം അടക്കം ചെയ്യേണ്ടതാണ്. ലേലം കൊള്ളുന്നവർ ലേല നിബന്ധനകൾ പാലിക്കാത്ത പക്ഷം നിരതദ്രവ്യം മടക്കി നൽകുന്നതല്ല. ലേലദിവസം പൊതു അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം 3 മണിയ്ക്ക് തന്നെ ലേല നടപടികൾ കൈക്കൊള്ളുന്നതായിരിക്കും. ലേലത്തിൽ ഒന്നു മുതൽ മൂന്നു വരെ സ്ഥാനങ്ങളിൽ വരുന്നവരുടെ നിരതദ്രവ്യം ലേലം ഉറപ്പിച്ചതിന് ശേഷം മാത്രമേ മടക്കി നൽകുകയുള്ളൂ. യാതൊരു കാരണവും കാണിക്കാതെ ലേലം/ക്വട്ടേഷൻ നടപടി റദ്ദ് ചെയ്യുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും താഴെ ഒപ്പ് വച്ചിരിക്കുന്ന ഉദ്യോഗസ്ഥന് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.

**മിനി.വി.ആർ**

**ജോയിന്റ് സെക്രട്ടറി(അക്കൗണ്ട്സ്)**